I/93664/2022

**DSLR/3160/2022-B4**

'ഭരണഭാഷ-മാതൃഭാഷ'

സർവെയും ഭൂരേഖയും വകുപ്പ്
ഡയറക്ടറുടെ കാര്യാലയം, വഴുതയ്ക്കാട്,
തിരുവനന്തപുരം-695014
Ph: 0471-2325266, Fax: 2338210
E-mail: dir-tvm.syr@kerala.gov.in
E-mail: dydir1-tvm.syr@kerala.gov.in
24-08-2022

## ടെൻണ്ടർ നോട്ടീസ്

സംസ്ഥാന വിനോദ സഞ്ചാര വകുപ്പ്''ഓണാഘോഷം 2022''നോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന ഘോഷയാത്രയിൽ സർവ്വെയും ഭൂരേഖയും വകുപ്പിന്റേതായി ഒരു ഫ്ലോട്ട് സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.ഡിജിറ്റൽ സർവ്വെയുടെ പശ്ചാത്തലത്തിൽ നവീന ആശയങ്ങൾ ഉൾകൊള്ളിച്ച് പൊതു ജനശ്രദ്ധ ആകർഷിക്കുന്ന വിധമുള്ള ഫ്ലോട്ട് തയ്യാറാക്കി അവതരിപ്പിക്കുന്നതിന് താത്പര്യമുള്ള ഏജൻസികളിൽ നിന്നും മുദ്രവച്ച കവറിനുള്ളിൽ ടെൻണ്ടർ ക്ഷണിച്ച് കൊള്ളുന്നു.

## നിബന്ധനകൾ

1) ആശയം ഒറ്റ നോട്ടത്തിൽ കാണികളിലേക്ക് സംവേദനം ചെയ്യപ്പെടുന്നവിധത്തിലുള്ളതായിരിക്കണം.

2) ഫ്ലോട്ടിന്റെ നീളം 18 അടി,റോഡിൽ നിന്നുള്ള ഉയരം 16 അടി,വീതി 10 അടി എന്ന ക്രമത്തിൽ കവിയരുത്.

3) അപകടകരമായ വസ്തുക്കൾ,സ്ഫോടക വസ്തുക്കൾ എന്നിവ കർശനമായും ഒഴിവാക്കേണ്ടതാണ്.

4) ഫ്ലോട്ടുകളുടെ രേഖാ ചിത്രവും വിവരണങ്ങളും ടെൻണ്ടറിൽ ഉൾപ്പെടുത്തേണ്ടതാണ്.

5) പ്ലാസ്റ്റിക് ഉപയോഗിക്കാൻ പാടില്ലാത്തയും പരമാവധി പ്രകൃതിദത്തമായ വസ്തുക്കൾ ഉപയോഗിച്ചും പരിസ്ഥിതി സൗഹൃദമായും ആയിരിക്കണം ഫ്ലോട്ടുകൾ സജ്ജീകരിക്കേണ്ടത്.

I/93664/2022

ക്വട്ടേഷൻ അയക്കുന്ന കവറിന് പുറത്ത് ''ഓണാഘോഷം 2022'' - ഫ്ലോട്ട് സജ്ജീകരിക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് എഴുതിയിരിക്കേണ്ടതും സർവ്വെ ഡയറക്ടർ,സർവ്വെ ഡയറക്ടറുടെ കാര്യാലയം,വഴുതയ്ക്കാട്,തിരുവനന്തപുരം -14 എന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ക്വട്ടേഷനുകൾ 31.08.2022,,12 മണിക്ക് മുമ്പായി സമർപ്പിക്കേണ്ടതാണ്.ഹാജരായിട്ടുള്ള ഏജൻസി പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ അന്നേ ദിവസം 3 PM മണിക്ക് ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയിരിക്കുന്ന ഏജൻസിക്ക് ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതുമാണ്.ടി ക്വട്ടേഷനുകൾ അംഗീകരിക്കുന്നതിനും യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം സർവ്വെ ഡയറക്ടറിൽ നിക്ഷിപ്തമാണ്.Work order ലഭിക്കുന്ന സ്ഥാപനം ഘോഷയാത്ര സംഘടിപ്പിക്കേണ്ട സെപ്റ്റംബർ 12 ന് 2 ദിവസം മുമ്പ് തന്നെ എല്ലാ ജോലികളും പൂർത്തിയാക്കി വകുപ്പിന്റെ അംഗീകാരം തേടേണ്ടതാണ്.

s/d.

SURVEY DIRECTOR

പകർപ്പ് B5 സീറ്റ് (നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)

സുരേശൻ കാണിച്ചേരിയൻ
അഡീഷണൽ ഡയറക്ടർ
സർവ്വെയും ഭൂരേഖയും വകുപ്പ്
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം-14